പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 460

10.06.2014 ൽ മറുപടിയ്ക്ക്

## ചീമേനി സഹകരണ എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ ഫീസ് കൂട്ടിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി സഹകരണ എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ ഫീസ് കുത്തനെ കൂട്ടിയ നടപടി പുനപരിശോധിക്കാമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെടാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ പുതുതായി ഹോസ്റ്റൽ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചപ്പോൾ വേണ്ടി വന്ന നിർമ്മാണ ചെലവുകൾ കൂടി കണക്കിലെടുത്താണ് കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഹോസ്റ്റൽ ഫീസ് നിശ്ചയിച്ചത്. ഇതേ ഹോസ്റ്റൽ ഫീസ് തന്നെയാണ് തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിനും തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിനും വേണ്ടി പുതുതായി നിർമ്മിച്ച ഹോസ്റ്റലുകൾക്കും ബാധകമാക്കിയത്. കേപ്പിന്റെ നിലവിലെ സാമ്പത്തിക പരാധീനത കൂടി കണക്കിലെടുത്താണ് ഹോസ്റ്റൽ ഫീസ് നിശ്ചയിച്ചിട്ടുള്ളത് |
| (ബി) ഹോസ്റ്റൽ ഫീസ് എപ്പോൾ കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) കേപ്പിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ